13. പുതിയ സാങ്കേതിക വിദ്യയിലൂടെ വിദൂര വിദ്യാഭ്യാസം ഏർപ്പെടുത്തി;

14. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകം അദ്ധ്യാപക പരിശീലനം നൽകി;

15. പ്രൈമറി വിദ്യാഭ്യാസരംഗം കൂടുതൽ സുതാര്യമാക്കി.

(ഡി) പദ്ധതിയുടെ ഒന്നാം ഘട്ടം 30-9-2001 നും രണ്ടാം ഘട്ടം 31-12-2002-ലും അവസാനിക്കും.

(ഇ) ഈ കരാറിൽ കടബാദ്ധ്യത കേന്ദ്രസർക്കാരിനാണ്. ലോകബാങ്കിന് മുൻകൂർ നോട്ടീസ് നൽകി കരാറിൽ നിന്നും പിൻവാങ്ങാവുന്നതാണ്.

വിവര-ജൈവ സാങ്കേതിക വിദ്യാഭ്യാസ സാദ്ധ്യതകൾ

14 (*104) ശ്രീ. പി. കെ. കുമാരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവര-ജൈവ സാങ്കേതിക വിദ്യാരംഗങ്ങളിലെ വിദ്യാഭ്യാസ സാദ്ധ്യതകൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവര-ജൈവ സാങ്കേതിക വിദ്യാ പഠനം സഹായകമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി, മൈക്രോ ബയോളജി എന്നീ വിഷയങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(എഫ്) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത കോഴ്സുകൾ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ കീഴിൽ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് വിവര-ജൈവ സാങ്കേതിക വിദ്യയുടെ പഠന സാദ്ധ്യതകൾ കൂടുതൽ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഈ കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) പുതിയ പദ്ധതികൾ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പരിഗണനയിലാണ്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ കീഴിൽ കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി, മൈക്രോ ബയോളജി സംബന്ധമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ജി) മൂന്നാറിൽ ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈഫ് സയൻസിനും ബയോടെക്നോളജിക്കും മുൻതൂക്കം കൊടുക്കുന്നതിന് അടുത്ത കാലത്ത് ഗവൺമെന്റിനു ലഭിച്ച യൂണിവേഴ്സിറ്റി കമ്മീഷനുകളുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ നൂതന പദ്ധതികൾ

15 (*105) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവര സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഇൻഡ്യയിലും വിദേശത്തും വിവര സാങ്കേതിക രംഗത്തുണ്ടായിരിക്കുന്ന തൊഴിൽ സാദ്ധ്യതകൾ ചൂഷണം ചെയ്യാനായി ഇത്തരം വിദ്യാഭ്യാസ കോഴ്സുകൾ നടത്താനുള്ള സ്ഥാപനങ്ങൾ സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ തുടങ്ങാൻ സമയ ബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ നയം വിശദീകരിക്കാമോ ;

(ഇ) വിവര സാങ്കേതിക രംഗത്ത് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ കേരളം പുറകിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly